ശ്രീ. എം.വി. ജയരാജൻ: പരിയാരം മെഡിക്കൽ കോളേജ് ഇവിടെ ആരംഭിക്കുന്ന സമയത്ത് പരിയാരം ടി.ബി. സാനിറ്റോറിയവും അതിന്റെ കെട്ടിടവും സ്ഥലവും കൂടെ ഗവൺമെന്റ് ഏറ്റെടുത്തുകൊണ്ടാണ് ആരംഭിച്ചത്. ടി.ബി. സാനിറ്റോറിയം സൗജന്യമായി ടി.ബി. രോഗികൾക്ക് ചികിത്സ കൊടുക്കുന്ന ഒരു സ്ഥാപനമായിരുന്നു. മെഡിക്കൽ കോളേജ് ആരംഭിക്കുന്ന സമയത്ത് അന്നത്തെ ഗവൺമെന്റ് ടി.ബി. രോഗികൾക്ക് അവിടെ പ്രവേശനത്തിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. ഈ ഗവൺമെന്റ് ടി.ബി. രോഗികൾക്ക് ആവശ്യത്തിന് ചികിത്സാ സൗകര്യം ഏർപ്പെടുത്തുമെന്ന് ഉറപ്പു നൽകിയതാണ്. അതുപ്രകാരം ടി.ബി. രോഗികൾക്ക് അവിടെ ചികിത്സയ്ക്കായി സംവിധാനം ഒരുക്കിയിട്ടുണ്ടോ; അവിടെ ടി.ബി. രോഗികളെ ചികിത്സിക്കാനുള്ള പ്രത്യേകമായ ഡിപ്പാർട്ട്മെന്റ് ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. എ.സി. ഷൺമുഖദാസ്: ടി.ബി. സാനിറ്റോറിയം സ്വാതന്ത്ര്യ സമരക്കാലത്തെ പൊതുപ്രവർത്തകരുടെയൊക്കെ താൽപ്പര്യപൂർവ്വം മലബാറിൽ മദ്രാസ് ഗവൺമെന്റിന്റെ കീഴിലുണ്ടായ ഒരു സ്ഥാപനമാണ്. പക്ഷേ ക്രമേണ അവിടത്തെ രോഗികളുടെ എണ്ണം കുറഞ്ഞു വരുകയാണ്. കുറെ സ്ഥലവുമൊക്ക അവിടെയുണ്ടായിരുന്നു. എങ്കിലും മലബാർ ഭാഗത്തുണ്ടായിരുന്ന ഏക സ്ഥാപനം, ആ സ്ഥാപനം നടത്തണം എന്നു തന്നെയായിരുന്നു ആ പ്രദേശത്തെ ആളുകളുടെ ആഗ്രഹം. പരിയാരം മെഡിക്കൽ കോളേജ് വന്നപ്പോൾ ഈ ടി.ബി. സാനിറ്റോറിയത്തിന്റെ സ്ഥലം മെഡിക്കൽ കോളേജിന് മാറ്റി വയ്ക്കുക വഴി സ്വാഭാവികമായി ടി.ബി സാനിറ്റോറിയത്തിന്റെ പ്രവർത്തനങ്ങളെ ബാധിക്കരുതെന്നതുകൊണ്ട് അതിന് ചില സംവിധാനങ്ങൾ ഉണ്ടായിട്ടുണ്ട്. പരിയാരം മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ടു തന്നെ ടി.ബി സാനിറ്റോറിയത്തിന്റെ പ്രവർത്തനം മുമ്പ് ലഭിച്ചതുപോലെ ഇവിടെയും ലഭിക്കാൻ ഇടയുണ്ട്. പക്ഷേ അന്നില്ലാത്ത മറ്റൊരു പുതിയ സംവിധാനം മലബാർ ഭാഗത്ത് വന്നിട്ടുണ്ട്. അത് ഞാൻ നേരത്തെ അവിടെ ചൂണ്ടിക്കാണിച്ച ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടി.ബി ആന്റ് ചെസ്റ്റ് ഡിസീസസ് എന്നു പറയുന്ന കോഴിക്കോട് മെഡിക്കൽ കോളേജിനോട് അനുബന്ധമായി തുടങ്ങിയിട്ടുള്ള ഒരു സ്ഥാപനമാണ്. കേരളത്തിലെ ആദ്യത്തെ സ്ഥാപനമാണ്. ആ സ്ഥാപനത്തിലെ സൗകര്യം മലബാർ പ്രദേശത്തെ ടി.ബി. രോഗികൾക്ക് പൊതുവായി ലഭിക്കുന്നുവെന്നുള്ളതുകൊണ്ട് ഇത് രണ്ടും കൂടി വരുമ്പോൾ പഴയതിൽ നിന്നും ഗുണം കൂടുമെന്നാണ് ഗവൺമെന്റ് കരുതുന്നത്.

മി. സ്പീക്കർ: ചോദ്യം നമ്പർ 492

മെഡിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് നടപടി

4 (*492) ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. സി.ടി. അഹമ്മദ് അലി:
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. സി. മൊയീൻകുട്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് മെഡിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനെക്കുറിച്ച് റിപ്പോർട്ട് നൽകാൻ കമ്മീഷനെ നിയമിച്ചിരുന്നോ; എങ്കിൽ എന്നായിരുന്നു നിശ്ചയിച്ചത്;

(ബി) കമ്മീഷൻ റിപ്പോർട്ട് നൽകിയത് എന്നായിരുന്നു;

(സി) മെഡിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് കമ്മീഷന്റെ നിഗമനങ്ങൾ എന്തെല്ലാമാണ്;

(ഡി) മെഡിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ;

(ഇ) എങ്കിൽ അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ,

(എ) 20-7-95-ലെ സർക്കാർ ഉത്തരവ് ആർ.റ്റി. 3114/95 ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രകാരം സംസ്ഥാനത്തിന് മെഡിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ അന്നത്തെ ആരോഗ്യ വകുപ്പു സെക്രട്ടറി ശ്രീ. ഗോപാൽകൃഷ്ണ പിള്ളയെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിരുന്നു.

(ബി) മുതൽ (ഇ) വരെ സ്പെഷ്യൽ ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ഇക്കാര്യത്തിൽ സർക്കാർ മേൽ നടപടികളൊന്നും കൈക്കൊണ്ടിട്ടില്ല.

ശ്രീ. പി.കെ.കെ. ബാവ: സർ, മെഡിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതു സംബന്ധിച്ച് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്പെഷ്യൽ ഓഫീസറെ നിശ്ചയിച്ചിരുന്നു എന്നും അദ്ദേഹം റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലാത്ത പശ്ചാത്തലത്തിൻ മേൽ നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല എന്നും ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. എന്നാൽ ഈ മെഡിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതു സംബന്ധിച്ച് ഈ ഗവൺമെന്റിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ?

ശ്രീ. എ.സി. ഷൺമുഖദാസ്: സർ, ഇപ്പോൾ ഗവൺമെന്റ് വളരെ ഗൗരവത്തിൽ ഒരു മെഡിക്കൽ യൂണിവേഴ്സിറ്റി സംബന്ധിച്ച നടപടികളുമായി മുന്നോട്ടുപോയിട്ടില്ല. 1995-96-ലെ ബഡ്ജറ്റ് പ്രസംഗ വേളയിലാണ് ഈ പ്രഖ്യാപനം ഉണ്ടാകുന്നത്. പക്ഷേ അന്നുതന്നെ ഇവിടെ ഉറപ്പുതന്നിരുന്നത് മൂന്നു മാസത്തിനുള്ളിൽ റിപ്പോർട്ടു വരും എന്നൊക്കെയായിരുന്നു. പക്ഷേ, ഒന്നും നടന്നില്ല. പിന്നീട് അടുത്ത സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വന്നപ്പോൾ അതിനെ സംബന്ധിച്ചിടത്തോളം ആവർത്തനം ഉണ്ടായില്ല. ഏതായാലും ഇപ്പോൾ ഗവൺമെന്റ് മെഡിക്കൽ യൂണിവേഴ്സിറ്റിയെ സംബന്ധിച്ച് പ്രത്യേക തീരുമാനമൊന്നും എടുത്തിട്ടില്ല.

ശ്രീ. പി.കെ.കെ. ബാവ: സർ, നമ്മുടെ മെഡിക്കൽ കോളേജുകൾ പല യൂണിവേഴ്സിറ്റികളിലായി പ്രവർത്തിക്കുകയാണ്. അതുമൂലം ഉണ്ടാകാവുന്ന ബുദ്ധിമുട്ടും ഐകരൂപ്യക്കുറവും പരിഹരിക്കുന്നതു മാത്രമല്ല അതിനൊരു സാംഗത്യത്തിന്റെ പ്രശ്നവുമുണ്ട്. അതുകൊണ്ട് ഈ പശ്ചാത്തലത്തിൽ മെഡിക്കൽ കോളേജുകളൊക്കെ ഒരു പ്രത്യേക യൂണിവേഴ്സിറ്റിയുടെ കീഴിൽ കൊണ്ടുവരുന്നതിന് ഗവൺമെന്റ് മുൻകൈ എടുത്ത് ഇതു സംബന്ധിച്ച് ഒരു പഠനം നടത്തി യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.സി. ഷൺമുഖദാസ്: സർ, ഇന്ത്യയിലാകെ ധാരാളം മെഡിക്കൽ കോളേജുകളുണ്ട്. പക്ഷേ വളരെ കുറച്ചേ യൂണിവേഴ്സിറ്റികൾ ഉള്ളൂ. അത് കൂടുതലും തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് തുടങ്ങിയിട്ടുള്ള സംസ്ഥാനങ്ങളിലേ ഉള്ളൂ. കേരളത്തിൽ യൂണിവേഴ്സിറ്റി തുടങ്ങുമ്പോൾ അത് അലോപ്പതി ചികിത്സാ സമ്പ്രദായത്തിൽ മാത്രം ആകണമോ, ആയുർവേദ, ഹോമിയോ, സിദ്ധ, യുനാനി തുടങ്ങിയവയിലൊക്കെ വേണമോ എന്നുള്ള പ്രശ്നം ഉണ്ടാകും. മദിരാശിയിൽ ഉള്ളത് ഇതെല്ലാം കൂടി ചേരുന്നതാണ്. കേരളത്തിൽ ആയതുകൊണ്ട് വളരെ ആലോചിച്ച് തീരുമാനം എടുക്കേണ്ട കാര്യമായതുകൊണ്ടാണ് ഇക്കാര്യത്തിൽ പ്രത്യേക അഭിപ്രായമൊന്നും പറയാത്തത്.

ശ്രീ. സി.ടി. അഹമ്മദ് അലി: സർ, ബഹുമാനപ്പെട്ട ആരോഗ്യവകുപ്പു മന്ത്രി ഇവിടെ സൂചിപ്പിച്ചത് 4 വർഷങ്ങൾക്ക് മുമ്പ് ഈ മെഡിക്കൽ യൂണിവേഴ്സിറ്റി എന്നുള്ള ആശയം ഇവിടെ നിലനിൽക്കുകയും, അത് സ്ഥാപിക്കുന്നതിനുവേണ്ടി അന്നത്തെ ആരോഗ്യ വകുപ്പ് സെക്രട്ടറിയായിരുന്ന ശ്രീ. ഗോപാൽകൃഷ്ണ പിള്ളയെ കമ്മിഷനായി നിയമിക്കുകയും ചെയ്തു എന്നാണ്. അദ്ദേഹം കേന്ദ്ര സർവ്വീസിൽ പോയിട്ട് മൂന്ന് വർഷമായി. അതിനു ശേഷം ആരോഗ്യ വകുപ്പു സെക്രട്ടറിയായിവന്ന ആളിനെ കമ്മിഷനായി നിയമിക്കുകയോ, അതല്ലെങ്കിൽ അതിന് യോഗ്യനായ മറ്റൊരാളെ കണ്ടെത്തുകയോ ചെയ്ത് ഈ പഠനം നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ? അതേ അവസരത്തിൽ ബഹുമാന്യനായ മന്ത്രി തന്നെ ഇവിടെ പറഞ്ഞു ഇതു സംബന്ധിച്ചുള്ള ഒരു വിശദമായ പഠനം ആവശ്യമാണെന്ന്. വാസ്തവത്തിൽ ഈ നാലു വർഷത്തിനിടയ്ക്ക് ഒട്ടേറെ സിറ്റിംഗ് വച്ച് വളരെയേറെ നല്ല നിലയിൽ പഠനം നടത്തി ഈ കാലയളവിൽ നല്ല ഒരു റിപ്പോർട്ട് സമർപ്പിച്ച് നല്ല ഒരു മെഡിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ കഴിയുമായിരുന്നു. അതിന് കാലതാമസം വരുത്തിയതിനും പകരം ആളെ നിശ്ചയിക്കാത്തതിനും കാരണം വ്യക്തമാക്കാമോ?

ശ്രീ. എ.സി. ഷൺമുഖദാസ്: സർ, ഇപ്പോൾ ഗവൺമെന്റ് മെഡിക്കൽ യൂണിവേഴ്സിറ്റി തുടങ്ങാൻ തീരുമാനമെടുത്തിട്ടില്ല. പഴയ ഗവൺമെന്റിന്റെ കാലത്ത് കമ്മിറ്റി വച്ചു, മൂന്നു മാസത്തിനകം റിപ്പോർട്ട് തരണമെന്നാവശ്യപ്പെട്ടു. ഒരു വർഷം വരെ ഇരുന്നു റിപ്പോർട്ടേ കിട്ടിയില്ല. ആ ഗവൺമെന്റും അക്കാര്യത്തിൽ അത്തരം ഒരു തീരുമാനമേ എടുത്തുള്ളൂ. അതുകൊണ്ട് ഈ ഗവൺമെന്റ് വന്നതിനുശേഷം നയപരമായി തീരുമാനം എടുക്കാത്തതുകൊണ്ട് ഇതുമായി മുന്നോട്ടുപോയില്ല. നയപരമായ തീരുമാനം എടുത്താൽ ഇതുമായി മുന്നോട്ടു പോകും.

ശ്രീ. സി.ടി. അഹമ്മദ് അലി: സർ, ഗവൺമെന്റുകൾ മാറി മാറി വരും. ഗവൺമെന്റ് ഇക്കാര്യത്തിൽ വ്യക്തമായൊരു തീരുമാനം എടുക്കണം. ഒന്നുകിൽ അന്നത്തെ ആ തീരുമാനം റദ്ദ് ചെയ്യുകയോ അതല്ലെങ്കിൽ അതിന് ബദൽ സംവിധാനം ഉണ്ടാക്കുകയോ ചെയ്യാതെ ഇങ്ങനെ നീട്ടിക്കൊണ്ടു പോകുന്നത് ഒരിക്കലും ഉചിതമല്ല. അതേ അവസരത്തിൽ ഇതു സംബന്ധിച്ച് നേരത്തെ ഉണ്ടായിരുന്ന കമ്മീഷനിൽ ആരെല്ലാമായിരുന്നു അംഗങ്ങൾ; അതോടൊപ്പം തന്നെ അവർ എത്ര സിറ്റിംഗ് നടത്തിയിരുന്നു; എന്തെല്ലാം നടപടി ആ കാലയളവിൽ നടത്തി എന്നു വ്യക്തമാക്കുമോ?

ശ്രീ. എ.സി. ഷൺമുഖദാസ്: സർ, സ്പെഷ്യൽ ഓഫീസറേയേ വച്ചിരുന്നുള്ളൂ. കമ്മീഷനെയൊന്നും വച്ചിരുന്നില്ല. അവർക്ക് അംഗങ്ങളും ഉണ്ടായിരുന്നില്ല. ആ സ്പെഷ്യൽ ഓഫീസർ റിപ്പോർട്ട് തന്നില്ല. അതേ ഉള്ളൂ ഇതിൽ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ചെർക്കളം അബ്ദുള്ള: സർ, ഇതു നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള കൃത്യമായ വിവരണം നൽകുന്നതിന് ഗവൺമെന്റ് പല പ്രാവശ്യം നൽകിയിട്ടുള്ള ഉറപ്പുകൾ പാലിച്ചിട്ടുണ്ടോ എന്നുള്ളത് പരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാണോ?

ശ്രീ. എ.സി. ഷൺമുഖദാസ്: സർ, ഗവൺമെന്റ് നയപരമായി തീരുമാനം എടുത്തിട്ടില്ല. മുൻ ഗവൺമെന്റുകളുടെ കാലത്ത് വന്ന അഭിപ്രായങ്ങളെ സംബന്ധിച്ച് തീരുമാനങ്ങൾ മുന്നോട്ടു പോയിട്ടില്ല. അവിടെ നിൽക്കുകയാണ്. നയപരമായ തീരുമാനം എടുത്താൽ ഇതു സംബന്ധിച്ച് വളരെ വേഗത്തിൽ നടപടി ഉണ്ടാകും.

ശ്രീ. ചെർക്കളം അബ്ദുള്ള: സർ, ഒരു ഗവൺമെന്റ് എന്നുപറയുമ്പോൾ മുൻ ഗവൺമെന്റ് എടുത്താലും വരാനുള്ള ഗവൺമെന്റുകളുടെ തുടർച്ചയാണ്. ഇവിടെ അതുതന്നെ പറയുന്നു. കഴിഞ്ഞ ഗവൺമെന്റ് എടുത്തിട്ടുള്ള കാര്യങ്ങൾ തുടർന്നുപോകേണ്ടത് തുടർന്നുവരുന്ന ഗവൺമെന്റാണ്. ഇത് ആരോഗ്യ രംഗത്തുള്ള പ്രശ്നമാണ്. അതുപോലെ തന്നെ ചികിത്സാ രംഗത്തുള്ള പ്രശ്നങ്ങളും നയപരമായ തീരുമാനം എന്നുപറയുമ്പോൾ സ്വാഭാവികമായും ഗവൺമെന്റിന് ഇതിൽ അനാവശ്യമായ പ്രവണതയൊന്നും ഇല്ലാത്തതു കൊണ്ട് ഇക്കാര്യം ഗൗരവമായി പരിഗണിക്കുന്നതിന് തയ്യാറാകുമോ?

ശ്രീ. എ.സി. ഷൺമുഖദാസ്: സർ, ഇതൊരു യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനെ സംബന്ധിച്ചാണ്. സാമ്പത്തിക ബാദ്ധ്യതകളൊക്കെ ഉൾക്കൊള്ളുന്നതാണ്. പഴയ ഗവൺമെന്റ് ലാസ്റ്റ് ഇയറിലാണ് തീരുമാനം എടുക്കുന്നത്, ആ തീരുമാനം എടുക്കാനുള്ള കാരണമൊക്കെ നമുക്കൊക്കെ അറിയാം. സ്വാഭാവികമായും ആ തീരുമാനം എടുക്കുന്നതിനെ സംബന്ധിച്ച് പഠിക്കാൻ ഒരു ഓഫീസറെ വച്ചു എങ്കിലും പറഞ്ഞിരുന്ന മൂന്നു മാസം കഴിഞ്ഞിട്ടും റിപ്പോർട്ട് തരാതെ വന്നപ്പോൾ ആ ഗവൺമെന്റും ഒന്നും ചെയ്തില്ല. ഈ ഗവൺമെന്റ് വന്നപ്പോൾ തീരുമാനം എടുക്കാത്തതുകൊണ്ട് അത് മുന്നോട്ടു പോയില്ല.

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി: സർ, ആരോഗ്യരംഗത്ത് വളരെ മുന്നോട്ടുപോയിട്ടുള്ള ഒരു സംസ്ഥാനമാണ് നമ്മുടേത്. ഇവിടെ യൂണിവേഴ്സിറ്റിയുണ്ട്. എനിക്ക് ഒരു നിർദ്ദേശമെന്നുള്ള നിലയ്ക്ക് ചോദിക്കാനുള്ളത് ഈ പുരോഗമിച്ച സ്റ്റേറ്റ് ആരോഗ്യരംഗത്ത് ഗവേഷണം നടത്താൻ ഉതകുന്ന വിധത്തിലുള്ള ഒരു യൂണിവേഴ്സിറ്റിക്ക് രൂപം നൽകാൻ തയ്യാറാകുമോ?

ശ്രീ. എ.സി. ഷൺമുഖദാസ്: സർ, ഇത് ഒരു പൊതു അഭിപ്രായമാണ്. യൂണിവേഴ്സിറ്റികൾ ഉണ്ടാകുന്നത് കൂറേ തസ്തികകൾക്കും പോസ്റ്റുകൾക്കും മറ്റു കാര്യങ്ങൾക്കും വേണ്ടി മാത്രം ആയിക്കൂടാ. അത് ഗവേഷണത്തിനും പഠനത്തിനും പുതിയ അന്വേഷണത്തിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാനും ആകണം. കേരളത്തിലെ യൂണിവേഴ്സിറ്റികളുടെ കാര്യത്തിലേക്ക് ഞാൻ പോകുന്നില്ല. ഒരു മേഖലാ യൂണിവേഴ്സിറ്റി ഉണ്ടാകുന്നു എങ്കിൽ തീർച്ചയായും കേരളത്തിന്റെ സാഹചര്യത്തിൽ ചികിത്സാ രംഗത്ത് ഉണ്ടാകേണ്ട പഠനവും ഗവേഷണവും ഒക്കെ നടത്തുന്ന ഒന്നായി മാറണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹം. തീർച്ചയായും യൂണിവേഴ്സിറ്റി തുടങ്ങാൻ നിശ്ചയിക്കുമ്പോൾ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച ആ അടിസ്ഥാന നയം വച്ചുകൊണ്ടുള്ള യൂണിവേഴ്സിറ്റി ആക്കുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടി വരും.

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി: സർ, ഇത് ഗവൺമെന്റിന്റെ സ്മൃതിപഥത്തിൽ വരികയാണെങ്കിൽ പരിയാരം മെഡിക്കൽ കോളേജിനെ ഒന്നു പരിഗണിക്കുമോ?

ശ്രീ. എ.സി. ഷൺമുഖദാസ്: സർ, പരിയാരം മെഡിക്കൽ കോളേജ് ഇത്തരത്തിൽ ഒരു യൂണിവേഴ്സിറ്റിയാകാൻ സാദ്ധ്യതയും സൗകര്യവുമുള്ള സ്ഥലമാണ്, സ്വാഭാവികമായി മെഡിക്കൽ കോളേജിന്റെ സാഹചര്യമുണ്ടെങ്കിലും മറ്റ് മെഡിക്കൽ കോളേജുകളിൽ നിന്ന് വ്യത്യസ്തമായി ഇവിടെ ഒരു ഭരണ സംവിധാനവുമുണ്ട്. അതൊക്കെവച്ച് ഇന്ന് ചില മെഡിക്കൽ കോളേജുകളൊക്കെ ഡീംഡ് യൂണിവേഴ്സിറ്റികളായി മാറുകയാണ്. ആ ഡീംഡ് യൂണിവേഴ്സിറ്റിയായി മാറുന്നത് കുട്ടികളുടെ പ്രവേശനം തുടങ്ങിയ കാര്യങ്ങളിലുള്ള ചില നടപടിക്രമങ്ങളുടെ ഭാഗമായിട്ടാണ്. തീർച്ചയായും ഒരു യൂണിവേഴ്സിറ്റി ഉണ്ടാക്കുന്നു എങ്കിൽ പരിയാരത്തേയും അക്കൂട്ടത്തിൽ പരിശോധിക്കാൻ ഇടയായേക്കാം.

ശ്രീ. ടി.എം. ജേക്കബ്: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് സ്പെഷ്യൽ ഓഫീസറെ നിയമിച്ചത്. ആ സ്പെഷ്യൽ ഓഫീസറോട് ഏതെല്ലാം കാര്യങ്ങളെ സംബന്ധിച്ചാണ് പരിശോധിക്കാൻ പറഞ്ഞത്, ഏത് കാര്യങ്ങളെ സംബന്ധിച്ചുള്ള റിപ്പോർട്ട് സമർപ്പിക്കാനാണ് ഈ ഗവൺമെന്റ് ആവശ്യപ്പെട്ടിരുന്നത്?

ശ്രീ. എ.സി. ഷൺമുഖദാസ്: സർ, മൂന്നു മാസത്തിനുള്ളിൽ റിപ്പോർട്ടു സമർപ്പിക്കണമെന്നേ ആ ഉത്തരവിൽ പറഞ്ഞിട്ടുള്ളൂ. ഒരു മെഡിക്കൽ യൂണിവേഴ്സിറ്റി ഉണ്ടാക്കുന്നതിനെ സംബന്ധിച്ചിടത്തോളം മൂന്നു മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണം. അവർ കാര്യമായി മുന്നോട്ട് പോകാത്തതുകൊണ്ട് മറ്റു കാര്യങ്ങൾ അതിൽ കാണുന്നില്ല. ഇതു മാത്രമേ പറഞ്ഞിട്ടുള്ളൂ.

മി. സ്പീക്കർ: ചോദ്യം നമ്പർ 493.

മലയോര വികസന അതോറിറ്റിയുടെ രൂപീകരണം

5 (*493) ശ്രീ. മാമ്മൻ മത്തായി:

ശ്രീ. കെ.എം. മാണി : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മലയോര വികസന അതോറിറ്റി രൂപീകരണം സംബന്ധിച്ച് വിദഗ്ദ്ധ സമിതി പഠനം നടത്തിയിരുന്നോ;

(ബി) അതിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതി നടപ്പാക്കുന്നതിന് നടപടി ആരംഭിക്കുകയുണ്ടായോ;

(സി) മലയോര വികസന അതോറിറ്റിയുടെ രൂപീകരണത്തെപ്പറ്റി ഈ ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ;

(ഡി) മലയോരങ്ങളുടെ സമഗ്ര വികസനം സാദ്ധ്യമാക്കാൻ കഴിയുമായിരുന്ന പ്രസ്തുത അതോറിറ്റി രൂപീകരണം ഉപേക്ഷിക്കാനിടയായതിന്റെ സാഹചര്യം എന്തായിരുന്നുവെന്ന് അറിയിക്കാമോ;

(ഇ) കേന്ദ്ര സർക്കാരിന്റെ മലയോര വികസന പദ്ധതികളും ഗ്രാമീണ സ്കീമുകളും ഫലപ്രദമായി മലയോരങ്ങളിൽ ഉപയുക്തമാക്കുന്നതിന് സഹായകമാകുന്ന 'മലയോര അതോറിറ്റി' രൂപവൽക്കരിക്കുന്നതിന് സർക്കാർ സന്നദ്ധമാവുമോ?

LIBRARY ARCHIVES Kerala Legislative Assembly